കൊയിലാണ്ടി മണ്ഡലത്തിലെ ഐ.എച്ച്.ഡി.പി. കോളനി

26 (251) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ടെന്ന് അറിയിക്കാമോ ; പണി പൂർത്തിയാകാത്ത എത്ര ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പണി കഴിയാത്ത കോളനികളിൽ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പത്ത് (10) ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ട്. ഇവയിൽ അഞ്ചു കോളനികളിൽ പണി പൂർത്തിയാകാനുണ്ട്.

(ബി) പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങൾ

27 (252) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രത്യേക ഘടകപദ്ധതി സ്കീമിൽ ഉൾപ്പെടുത്തി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി പഞ്ചായത്തുകളിലെ മേലടുക്കം, കരുവ പങ്കയം, മൗക്കോട്, സർക്കാരി, കടുമേനി, പടേങ്ങാനം കോളനികളിൽ അനുവദിച്ച കുടിവെള്ള പദ്ധതികൾ സംബന്ധിച്ച നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ മേലടുക്കം പടേങ്ങാനം കോളനികളിലെ കുടിവെള്ള പദ്ധതികൾക്കായുള്ള എസ്റ്റിമേറ്റ് 12-2-2001-ൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ കളക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി നാലു കോളനികളിലെ കുടിവെള്ള പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

യുവജനക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതി

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ യുവജനക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly